**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **18-03-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ശിശുമരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ഈ വർഷം നാളിതുവരെ രണ്ടു നവജാത ശിശുക്കൾ മരിച്ചത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | അട്ടപ്പാടിയിൽ നാളിതുവരെ നടന്ന ശിശുമരണങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഗൗരവമായി കാണുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 2022 മാർച്ച് മാസത്തിൽ ഷോളയൂർ വട്ടലക്കി ലക്ഷം വീട്ടിലെ അയ്യപ്പൻ-നഞ്ചമ്മാൾ ദമ്പതികളുടെ നവജാത ശിശു മരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | നഞ്ചമ്മാൾ W/o അയ്യപ്പൻ, ഷോളയൂർ എന്നവരെ ഉയർന്ന രക്തസമ്മർദ്ദം കാരണം കോട്ടത്തറ GTSH-ൽ നിന്നും പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. അവിടെ നിന്നും ഗർഭസ്ഥ ശിശുവിനെ സിസേറിയൻ വഴി പുറത്തെടുക്കുകയായിരുന്നു എന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ശിശുവിന്റെ മരണം ആശുപത്രിയിൽ വച്ചാണ് സംഭവിച്ചിട്ടുള്ളത്. |
| (സി) | രക്തക്കുറവും ഭാരക്കുറവും മൂലമാണ് കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത് എന്നത് വസ്തുതയാണോ; | (സി) | നഞ്ചമ്മാൾ W/o അയ്യപ്പൻ, ഷോളയൂർ എന്നവരെ ഉയർന്ന രക്തസമ്മർദ്ദം കാരണം കോട്ടത്തറ GTSH-ൽ നിന്നും പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. അവിടെ നിന്നും ഗർഭസ്ഥ ശിശുവിനെ സിസേറിയൻ വഴി പുറത്തെടുക്കുകയായിരുന്നു എന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ശിശുവിന്റെ മരണം ആശുപത്രിയിൽ വച്ചാണ് സംഭവിച്ചിട്ടുള്ളത്. |
| (ഡി) | അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് രക്തക്കുറവും ഭാരക്കുറവും ഉണ്ടാകുന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് അറിയിക്കാമോ; ഈ പദ്ധതികളുടെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഇത്തരത്തിൽ ഒരു പരിശോധന നടത്തിയിട്ടില്ല. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി, സിവിൽ സപ്ലൈസ്, വനിതാ ശിശു വികസനം, തദ്ദേശ സ്വയം ഭരണം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കി വരുന്നത്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജനനിജന്മരക്ഷാ പദ്ധതി 2. കമ്മ്യൂണിറ്റി കിച്ചൻ (കുടുംബശ്രീ മുഖേന) 3. മില്ലറ്റ് വില്ലേജ് 4. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായ പദ്ധതി 5. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി 6. ഭക്ഷ്യസഹായ പദ്ധതി 7. വാത്സല്യ സ്പർശം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ കാലാകാലങ്ങളിൽ പരിശോധനയ്ക്കും നിരീക്ഷണത്തിനും വിധേയമാക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ